**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2521** **05.11.2019-ൽ മറുപടിക്ക്**

**കോതമംഗലം മണ്ഡലത്തിലെ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ കല്ലേലിമേട്, തലവച്ചപ്പാറ, കുഞ്ചിപ്പാറ പ്രദേശങ്ങളിൽ വൈദ്യുതീകരണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കല്ലേലിമേട്,തലവച്ചപ്പാറ,കുഞ്ചിപാറ എന്നീ പ്രദേശങ്ങളിൽ, പ്രദേശത്തിന്റെ സ്വഭാവ മനുസരിച്ച് വനത്തിൽ കൂടി HT OH ലൈൻ / UG Cable സ്ഥാപിച്ച് മാത്രമേ വൈദ്യുതി നൽകാൻ സാധിക്കുകയുള്ളൂ. വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതിനാലും വനത്തിൽ കൂടി ലൈൻ വലിക്കേണ്ടി വരുമെന്നതിനാലും ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുകയാണ് കൂടുതൽ അഭികാമ്യം. തലവച്ചപാറ, കുഞ്ചിപാറ എന്നീ രണ്ട് കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി DDG സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചെങ്കിലും കോളനി നിവാസികളുടെ എതിർപ്പ് കാരണം തുടങ്ങുവാൻ സാധിച്ചിട്ടില്ല.<br>തലവച്ചപ്പാറ, കുഞ്ചിപാറ എന്നിവ ട്രൈബൽ കോളനികളും കല്ലേലിമേട് ട്രൈബൽ കോളനിയല്ലാത്ത പ്രദേശവുമാണ്. ലൈൻ വലിച്ച് വൈദ്യുതീകരിക്കുകയാണെങ്കിൽ നിലവിൽ ലൈനുള്ള ബ്ലാവനയിൽ നിന്നും 5 km ലൈൻ കല്ലേലിമേട്ടിലേക്ക് മാത്രമായി വലിക്കേണ്ടതും അവിടെനിന്നും കുഞ്ചിപ്പാറ, തലവച്ചപ്പാറ ട്രൈബൽ കോളനികളിലേക്കു ഉൾപ്പെടെ ആകെ 12km ലൈൻ വനത്തിൽ |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളിലെ വൈദ്യുതീകരണ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കൂടി വലിക്കേണ്ടതുമാണ്. ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. വൈദ്യുതി ലൈൻ നീട്ടി പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് ചെലവേറിയതും പ്രയോഗികമായി പ്രയാസങ്ങളുള്ളതായതിനാലാണ് സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിന് തീരുമാനിച്ചത്. പ്രദേശവാസികൾ അംഗീകരിച്ചാൽ ആ നിലയിൽ വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ